**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2891</u>** **<u>13-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>വടകര താലൂക്കിലെ കുന്നുമ്മൽ കുടിവെള്ള പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വടകര താലൂക്കിലെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കുന്നുമ്മൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | കുന്നുമ്മൽ കുടിവെള്ള പദ്ധതിയുടെ കോവുക്കുന്നിലെ മാസ്റ്റർ ബാലൻസിങ് റിസർവോയറിൽ നിന്ന് പുതിയ പദ്ധതിയുടെ ഭാഗമായി പെരുവാണിയിൽ നിർമ്മിക്കേണ്ട 9 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ടാങ്കിലേക്ക് ജലമെത്തിക്കുന്നതിനുള്ള 2300 മീറ്റർ ഗ്രാവിറ്റി മെയ്നിന്റെ പ്രവൃത്തിയും മൊത്തം വിതരണ ശൃംഖലയുടെ ഭാഗമായി സ്ഥാപിക്കേണ്ട 77048 മീറ്റർ വിതരണ ശൃംഖലയിൽ 70620 മീറ്ററും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നിർമ്മിക്കേണ്ട ശുദ്ധ ജല സംഭരണിയുടെ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ , ഗ്രാവിറ്റി മെയിനിൽ നിന്ന് വിതരണ കുഴലുകൾ ഇന്റർ ലിങ്ക് ചെയ്ത് മുന്നൂറോളം വീടുകളിൽ ശുദ്ധജല വിതരണം നടത്തി വരുന്നുണ്ട് . പദ്ധതിയുടെ ഭാഗമായി പെരുവാണിയിൽ നിർമിക്കേണ്ട 9 ലക്ഷം ലിറ്റർ സംഭരണ ശേഷി ഉള്ള ടാങ്ക് സ്ഥാപിക്കുന്നതിനുള്ള സൈറ്റ് ക്ലിയറിംഗ് നടന്നു വരുന്നു |
| (ബി) | പദ്ധതി വഴി എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ സാധിക്കുമെന്നും പദ്ധതി എന്ന് പൂർത്തിയാക്കുമെന്നും അറിയിക്കാമോ; | (ബി) | ഈ പദ്ധതി കൊണ്ട് പഞ്ചായത്തിലെ 23346 ഓളം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതാണ്. 31.03.2022 ൽ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | ഈ പദ്ധതിയ്ക്കായി എടുത്ത ട്രെഞ്ചുകൾ കാരണം തകരാറിലായ റോഡുകൾ പുനരുദ്ധരിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (സി) | പദ്ധതിയുടെ ഭാഗമായി വിതരണ ശൃംഖല സ്ഥാപിക്കുമ്പോൾ എടുത്ത ട്രെഞ്ചുകൾ കാരണം തകരാറിലായ റോഡുകൾ പുനരുദ്ധരിക്കുന്നതിന് വേണ്ടിയുള്ള തുകകൾ റിസ്റ്റോറേഷൻ നിർവ്വഹിക്കേണ്ട ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ